LIBRARY ARCHIVES Kerala Legislative Assembly

ആലുവ മണ്ഡലത്തിലെ ളുമ്പാത്തോടിന്റെ പുനരുദ്ധാരണം

103(608) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ ളുമ്പാത്തോടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ ഓഫീസിലെ 12224/19/ഡബ്ല്യു2 നമ്പർ ഫയലിൽ നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആലുവ മണ്ഡലത്തിലെ ളുമ്പാത്തോടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ 12224/19/ഡബ്ല്യു2 നമ്പർ ഫയലിൽനിന്നും ഈ വിഷയം സംബന്ധിച്ച് ലഭിച്ച അപേക്ഷയുടെ തുടർനടപടികൾ എന്നോണം സാമ്പത്തിക ലഭ്യത അനുസരിച്ച് ഏറ്റെടുത്ത പ്രവർത്തികളുടെ വിശദാംശം അനുബന്ധം I-ആയി ചേർത്തിരിക്കുന്നു.*

(ബി) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

മേൽപ്പറഞ്ഞ പ്രവർത്തികൾക്ക് അനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.*

നദികളിലെ മണൽ ലഭ്യത

104(609) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിലെ മണൽ ലഭ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ നദികളിലെ മണൽ ലഭ്യത സംബന്ധിച്ച സാൻഡ് ഓഡിറ്റ് 30 പ്രധാന നദികളിലും 5 പോഷക നദികളിലും നടത്തിയിട്ടുണ്ട്. അതിൽ 26 പ്രധാന നദികളും 3 പോഷക നദികളും ചേർത്ത് 29 നദികളുടെ സാൻഡ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. 13 നദികളിൽ മണൽ ലഭ്യതയില്ല. 16 നദികളിൽ (പമ്പ, മണിമല, അച്ചൻകോവിൽ, മൂവാറ്റുപുഴ, പെരിയാർ, ഭാരതപ്പുഴ, കടലുണ്ടി, ചാലിയാർ, മാഹി, പെരുമ്പ, വളപട്ടണം, ശ്രീകണ്ഠാപുരം, മൊഗ്രാൽ, ചന്ദ്രഗിരി (പാർട്ട്-2) ഉപ്പള, ഷിറിയ) മണൽ ലഭ്യത കണ്ടെത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം നദികളിൽ നിന്നാണ് മണൽ നീക്കം ചെയ്യുന്നതിന് അനുമതി നൽകിയിരിക്കുന്നതെന്ന് അറിയിക്കുമോ?

മണൽ നിക്ഷേപം കണ്ടെത്തിയിട്ടുള്ള 16 നദികളിൽ മണൽ ഖനനം നടത്തുന്നതിനുള്ള പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിന് വേണ്ട നടപടി പുരോഗമിക്കുന്നു. സാൻഡ് ഓഡിറ്റിനെ അടിസ്ഥാനപ്പെടുത്തിയും മറ്റ് ഘടകങ്ങൾ പരിശോധിച്ചും കേന്ദ്ര വനം- പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകൃത എജൻസി മുഖാന്തരം ജില്ലാ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ മൈൻ പ്ലാൻ ഉണ്ടാക്കി വേണം പാരിസ്ഥിതിക അനുമതി നേടേണ്ടത്. ഈ പ്രക്രിയ ദേശീയ ഹരിത ട്രൈബ്യൂണൽ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്. പാരിസ്ഥിതിക അനുമതി ലഭ്യമായാൽ മണൽ ഖനനം ആരംഭിക്കാൻ സാധിക്കും.

തോടുകളുടെ അറ്റകുറ്റപ്പണി

105(610) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിലെ കരിമ്പന തോട് മാലിന്യം നിറഞ്ഞ് നീരൊഴുക്കില്ലാത്ത അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വടകര നിയോജകമണ്ഡലത്തിലെ കരിമ്പനത്തോട് കഴിഞ്ഞ കാലങ്ങളിൽ വലിയതോതിൽ മാലിന്യം നിറഞ്ഞ് നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന രീതിയിലായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ നാരായണ നഗരത്തിലെ മാലിന്യ സംസ്കരണപ്ലാന്റ് പ്രവർത്തനസജ്ജമായതിനുശേഷം രണ്ടു വർഷമായി മാലിന്യം കുറഞ്ഞ് നീരൊഴുക്കുള്ളതായി കാണപ്പെടുന്നുണ്ട്.

(ബി) തോടുകളുടെ അറ്റകുറ്റപ്പണികൾക്കും തോട് വൃത്തിയാക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് തോടിന്റെ പുനരുദ്ധരണ പ്രവർത്തനങ്ങൾ വടകര മുനിസിപ്പാലിറ്റി നടത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ജനകിയ പങ്കാളിത്തത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും നോൺ പ്ലാൻ സ്കീമിലെ FD, MI Priority എന്നീ ശീർഷകങ്ങളിലും പ്ലാൻ സ്കീമിലെ MI ക്ലാസ് II, ഹരിത കേരളത്തിന്റെ സ്കീമുകളിലും ഉൾപ്പെടുത്തി തോടുകളുടെ അറ്റകുറ്റ പ്രവൃത്തികൾ നിർവഹിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly